പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3019 03.04.2013-ൽ മറുപടിയ്ക്ക്

## പ്ലാൻ ഫണ്ട് ചെലവഴിക്കുന്നത് സംബന്ധിച്ച് പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ

| ചോദ്യം<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ | | ഉത്തരം<br>ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ട് ചെലവഴിക്കുന്നത് സംബന്ധിച്ച പുതുക്കിയ മാർഗ്ഗ നിർദ്ദേശം അനുസരിച്ച് ഭവന നിർമ്മാണത്തിന് ഗുണഭോക്താവായി തെരഞ്ഞെടുക്കപ്പെടുന്നവർ പ്രസ്തുത ഭവനം 12 വർഷത്തേക്ക് കൈമാറ്റം ചെയ്യുകയോ, അന്യാധീനപ്പെടുത്തുകയോ ഇല്ല എന്ന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുമായി കരാറിൽ ഏർപ്പെടണമെന്നും, പ്രസ്തുത കരാർ രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത നിർദ്ദേശം ഗുണഭോക്താക്കൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീ മുതലായ ഇനത്തിൽ അമിത സാമ്പത്തിക ഭാരം ഉണ്ടാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | രജിസ്ട്രേഷൻ ഫീ, സ്റ്റാമ്പ് ഡ്യൂട്ടി എന്നീ ഇനങ്ങളിൽ ഇളവ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ